# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5604 — 24.05.2017 ൽ മറുപടിക്ക്

### അർബുദ രോഗികൾക്ക് പെൻഷൻ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്ന വാർഷികവരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള എല്ലാ അർബുദരോഗികൾക്കും പെൻഷൻ അനുവദിച്ചിരുന്നോ; | (എ) | സർക്കാർ ആശുപത്രികളിൽ ചികിത്സ നടത്തിയിട്ടുള്ള വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള രോഗികൾക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളത്. |
| (ബി) | അർബുദരോഗികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം തിരുവനന്തപുരം ആർ. സി. സി., മലബാർ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് അർബുദ രോഗവിദഗ്ദ്ധർക്ക് മാത്രമാക്കി പുതുക്കി ആരോഗ്യവകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; | (ബി) | ക്യാൻസർ പെൻഷന് അപേക്ഷിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷാ ഫാറത്തിലെ (ഫോറം നമ്പർ10) മെഡിക്കലാഫീസറുടെ സർട്ടിഫിക്കറ്റിൽ റീജിയണൽ ക്യാൻസർ സെന്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മറ്റു ക്യാൻസർ ചികിത്സാകേന്ദ്രങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ക്യാൻസർ രോഗബാധിതർക്ക് ക്യാൻസർ പെൻഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷയിലെ മെഡിക്കൽ സർട്ടിഫിക്കറ്റിൽ ക്യാൻസർ ചികിത്സ തേടിയ ആശുപത്രിയുടെ പേര് കൃത്യമായും രേഖപ്പെടുത്തേണ്ടതാണെന്നും ക്യാൻസർ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന് പുറമേ മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, എല്ലാ മെഡിക്കൽ കോളേജുകളിലെയും രജിസ്റ്റേർഡ് ഓങ്കോളജിസ്റ്റുകൾ എന്നിവർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (ജി.ഒ(ആർ.റ്റി)നം.475/2017/ആ.കു.വ തീയതി 22.02.2017). മേൽ ഉത്തരവ് പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന അർബുദ രോഗികൾക്ക് പെൻഷൻ മുടങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (സി) | ബാധകമല്ല. |
| (ഡി) | എങ്കിൽ അർബുദരോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പുതിയ ഉത്തരവ് പുനപരിശോധിക്കുമോ? | (ഡി) | 22.02.2017 ലെ സ.ഉ(സാധാ) നം.475/2017/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം കൂടുതൽ ആശുപത്രികൾക്ക് അനുവദിക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ